#IIMKinMedia

Date: July 19, 2026

Newspaper: Deepika, Pg No. 04



കുസാറ്റ് മെട്രോ സ്റ്റേഷനിൽ ഐഐഎംകെ കൊച്ചി കാമ്പസ് കെഎംആർഎൽ എംഡി ലോക്നാഥ് ബെഹ്റ ഉദ്ഘാടനം ചെയ്യുന്നു.

# കുസാറ്റ് മെട്രോ സ്റ്റേഷനിൽ ഐഐഎംകെ കൊച്ചി കാമ്പസ്

**കൊച്ചി:** മെട്രോയുടെ നോൺഫെയർ റവന്യു പദ്ധതിയുടെ ഭാഗമായി കുസാറ്റ് മെട്രോ സ്റ്റേഷനിൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് കോഴിക്കോട് (ഐഐഎംകെ) കൊച്ചി കാമ്പസ് പ്രവർത്തനം ആരംഭിച്ചു. കെഎംആർഎൽ മാനേജിംഗ് ഡയറക്ടർ ലോക്നാഥ് ബെഹ്റ ഉദ്ഘാടനം ചെയ്തു.

കെഎംആർഎലും ഐഐഎം കോഴിക്കോടും തമ്മിൽ ഒപ്പുവച്ച ധാരണാപത്രത്തിന്റെ അടിസ്ഥാനത്തിൽ ബിൽഡ് ടു സ്യൂട്ട് മാതൃകയിലാണ് കാമ്പസ് പ്രവർത്തിക്കുന്നത്. 62,000 ചതുരശ്ര അടി വിസ്തൃതിയിൽ ഏഴു നിലകളിലുമായുള്ള കാമ്പസ് എറണാകുളം ജില്ലയിലെ ഏറ്റവും ഉയരമുള്ള വിദ്യാഭ്യാസ സമുച്ചയങ്ങളിൽ ഒന്നാണ്.

ചടങ്ങിൽ ഐഐഎം കോഴിക്കോട് ഡയറക്ടർ പ്രഫ. ദേബാശിഷ് ചാറ്റർജി, കെഎംആർഎൽ ചീഫ് എൻജിനിയർമാരായ വിനു സി. കോശി, ടി.സി. ജോൺസൺ, ചീഫ് മാർക്കറ്റിംഗ് മാനേജർ എസ്. മുരളി കൃഷ്ണൻ, ജോയിന്റ് ജനറൽ മാനേജർമാരായ പി.സി. സീന, ആർ. രഞ്ജിനി, ചീഫ് സെക്യൂരിറ്റി ഓഫീസർ കെ.എം. ജിജിമോൻ, സീനിയർ ഡെപ്യൂട്ടി ജനറൽ മാനേജർ പോൾ കുര്യൻ തുടങ്ങിയവർ പങ്കെടുത്തു.